(ബി) ഉണ്ടെങ്കിൽ ഇങ്ങനെ കൊണ്ടുവരുന്ന മണൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) രൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിന് മറ്റു രാജ്യങ്ങളിൽ നിന്ന് മണൽ ഇറക്കുമതി ചെയ്യാനുള്ള അനുമതി നിർമ്മിതി കേന്ദ്രത്തിന് നൽകാനുദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 4-3-2014-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാ.ധാ.) നമ്പർ 31/2014/ഭവനം പ്രകാരം കേരളത്തിന് പുറത്തുനിന്നുള്ള മണൽ സംഭരിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാണ വസ്തുക്കളുടെ ന്യായവില വിപണനകേന്ദ്രമായ കവറകൾ വഴി പൊതുവിപണിയിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ, സംഭരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

"പുതിയ വ്യവസായ നയം"

177 (6628) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കരട് വ്യവസായ നയം തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നുവരികയാണ്.

(ബി) എല്ലാ മേഖലയിലും വിദേശീയവും സ്വദേശീയവുമായ നിക്ഷേപ പ്രോത്സാഹനവും മാനവവിഭവശേഷി വികസനവും വഴി കൂടുതൽ സ്ഥാപനങ്ങൾ വികസിപ്പിച്ച് തൊഴിൽ ഉൽപ്പാദനവും കയറ്റുമതിയും അതിലൂടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ സാമ്പത്തിക ഉന്നമനം ഉണ്ടാക്കുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ, കൃഷി സംസ്ക്കരണം, സേവനം, വാണിജ്യം, കാലിക പ്രാധാന്യമുള്ള മേഖലകൾ മുതലായവയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ച് കേരളത്തെ ഒരു സംരംഭക സംസ്ഥാനമാക്കി മാറ്റുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക വിഭവങ്ങളിലൂടെ മൂല്യ വർദ്ധനത്തിനായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക, ആഭ്യന്തര-വിദേശ നിക്ഷേപകരെ സേവന മേഖലയിലും വളർച്ച നേടിക്കൊണ്ടിരിക്കുന്ന വ്യവസായ രംഗങ്ങളായ ബയോടെക്നോളജി, നാനോ ടെക്നോളജി തുടങ്ങിയ മേഖലകളിലും ആകർഷിച്ച് മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്ന ഒരു നിക്ഷേപ കേന്ദ്രമാക്കി കേരളത്തെ ഉയർത്തിക്കാട്ടുക, വിദഗ്ദ്ധരായ മാനവ വിഭവങ്ങൾക്ക് സംസ്ഥാന ത്തിനകത്തുതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വ്യവസായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുക, പൂർണ്ണമായും ഭാഗികമായും തൊഴിൽ പ്രാവീണ്യം നേടിയവർക്ക് സംസ്ഥാനത്തിനകത്തുതന്നെ വ്യാവസായിക സേവന മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് എടുത്ത് പറയത്തക്ക മറ്റു ലക്ഷ്യങ്ങൾ.

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കേരളത്തെ മികച്ച വ്യവസായിക നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക, സംരംഭക വികസനത്തിന് ഉത്തരവാദിത്വമുള്ള വ്യാപാര ശീലങ്ങൾ, പ്രത്യേകിച്ച് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നീ കാര്യങ്ങൾ സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് വ്യവസായ നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ പരിത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കൈക്കൊള്ളുന്നതാണ്.

(ഡി) വ്യവസായ നയം അംഗീകരിച്ച് എത്രയും വേഗം പ്രസിദ്ധീകരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വ്യാവസായിക ഇടനാഴി

178 (6629) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക ഇടനാഴി ആരംഭിക്കുന്നതിന് പദ്ധതി രൂപീകരി ച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ്-പ്രസ്തുതപദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly